# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.609 — 29/01/2019-ൽ മറുപടിക്ക്

### ആലംകോട് ആസ്ഥാനമായി വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബി.സത്യൻ | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| | ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആലംകോട് ആസ്ഥാനമായി വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന നിവേദനം ലഭ്യമായിട്ടുണ്ടോ ; വിശദമാക്കാമോ ? | | ലഭ്യമായിട്ടുണ്ട്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട് ആസ്ഥാനമായി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ